# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

**കോവിഡ്- 19 - സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന ലോക്ഡൗൺ പിൻവലിച്ചത് - തിരുവിതാംകൂർ ദേവസ്വം ബോർഡിനു കീഴിലുള്ള ഓഫീസുകളുടെ പ്രവർത്തനം - മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

---

ഉത്തരവ് നമ്പർ: ROC No. 3701/20/Est-I    നന്തൻകോട്, 23/06/2021

---

പരാമർശം :- 1) 22-06-2021 ലെ G.O(RT) No. 479/2021/DMD നമ്പർ ഗവൺമെന്റ് ഉത്തരവ്.
2) 22-06-2021 ലെ ബോർഡ് തീരുമാനം.

## ഉത്തരവ്

സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന ലോക്ക് ഡൗൺ നിബന്ധനകളിൽ ഇളവുകൾ വരുത്തിയ സാഹചര്യത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ഓഫീസുകളിലെ പ്രവർത്തനം സംബന്ധിച്ച് താഴെപറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് തീരുമാനിച്ച് ഉത്തരവാകുന്നു.

1. അസിസ്റ്റന്റ് കമ്മീഷണർ, അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് ലാ ആഫീസർ, ഡിവിഷണൽ അക്കൗണ്ട്സ് ആഫീസർ മുതൽ ഉയർന്ന തസ്തികകളിലുള്ള ഉദ്യോഗസ്ഥർ എല്ലാ ദിവസവും ഓഫീസിൽ ഹാജരാകേണ്ടതാണ്.
2. മററ് വിഭാഗത്തിൽപ്പെട്ട ജീവനക്കാർ 50%-ൽ കുറയാതെ റൊട്ടേഷൻ വ്യവസ്ഥയിൽ ഹാജരാകേണ്ടതാണ്. അത്യാവശ്യ ജോലികൾക്ക് തടസ്സം വരാത്തവിധം അതത് ഓഫീസ് മേധാവികൾ റൊട്ടേഷൻ വ്യവസ്ഥയിൽ ജീവനക്കാരുടെ ഹാജർ ക്രമീകരിക്കേണ്ടതാണ്.
3. ആഫീസുകളിൽ ഹാജരാകാത്ത ജീവനക്കാർ 'work from home' എന്ന നിലയിൽ ജോലി ചെയ്യേണ്ടതും ആഫീസ് മേധാവികൾ ആവശ്യപ്പെടുന്ന അവസരങ്ങളിൽ ആഫീസിൽ ഹാജരാകേണ്ടതുമാണ്.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

ഒപ്പ്
സെക്രട്ടറി

പകർപ്പ് :-

1. എല്ലാ ഡിപ്പാർട്ട്മെന്റ് / ഓഫീസ് മേധാവികൾക്കും
2. ഇ.ഡി.പി സെക്ഷൻ
3. മിനിറ്റ്സ് സെക്ഷൻ
4. സെക്ഷൻ ഫയൽ
5. ഫയൽ ബുക്ക്
6. ഫെയർ ഓഫീസ് കോപ്പി

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി